بسم الله الرحمن الرحيم

# Message of Hazrat Ummul Mumineen Sadr Sahiba Fazli A. Varsally

## SIRAJ MAKIN MEETING
## KERALA – SOUTH ZONE
## 07 MARCH 2020

**2020 മാർച്ച് 7ന് കേരളാ സൗത്ത്സോൺ സിറാജ് മാക്കിൻ യോഗത്തിന് ഉമ്മുൽ മൂഅ്മിനീൻ സാദ്ർ സാഹിബ ഫസ്‌ലി എ. വർസാലി നല്കിയ സന്ദേശം**

എന്റെ പ്രീയപ്പെട്ട പെൺമക്കളെ,

**അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഒരിക്കൽക്കൂടി, അല്ലാഹു(ത) നിങ്ങൾക്കൊരുമിച്ചു കൂടുവാനും, അവനെ സ്തുതിക്കുവാനും അവസരം നല്കിയിരിക്കുകയാണ്. ദഅ്വ രംഗത്തും തർബിയത്തു രംഗത്തുമുള്ള സംശയ നിവാരണങ്ങൾക്കും അരക്ഷിതാവസ്ഥകൾക്കും പരിഹാരമായി നിങ്ങൾ സ്വയം തന്നെ മുന്നോട്ടു വരികയും പരിപാടി സംഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ ഒരു യോഗം ചേരുന്നതിന് അവസരം നല്കിയ അല്ലാഹു(ത)യ്ക്ക് മാത്രമാണ് സർവ്വസ്തുതിയും!

അൽഹംദുലില്ലാഹ് നിങ്ങളുടെ രാജ്യത്തിലെ, ഇസ്ലാമിലെ സ്ത്രീകളുടെ പ്രതിനിധികളെന്ന നിലയിൽ നിങ്ങളുടെ കഴിഞ്ഞകാല പ്രവർത്തന പുരോഗതി വിലയിരുത്തുവാനും, ഇനി എന്ത് നടപടി സ്വീകരിച്ച് കൂടുതൽ പുരോഗതിയിലേക്ക് എത്താമെന്നും ആലോചിക്കുവാനുള്ള ഒരവസരമായി ഈ ഒത്തു ചേരലിനെ കാണുക. ഏറ്റവും വിനയത്തോടെ നിങ്ങൾ കാര്യങ്ങൾ നടപ്പിലാക്കുവാൻ പരിശ്രമിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം അല്ലാഹുവിന്റെ സന്തോഷം നിങ്ങളിലേക്ക് ആകർഷിക്കത്തക്ക നിലയിലുള്ളതായിരിക്കണം.

ഈ ഒത്തുചേരലിന്റെ ഏറ്റവും പ്രമുഖമാക്കി കാട്ടുന്ന വസ്തുത, നിങ്ങളുടെ കഴിഞ്ഞകാല തെറ്റുകളെ മനസ്സിലാക്കുകയും, നിങ്ങളെ നിങ്ങൾ സ്വയം പൂർണ്ണതയിലെത്തിക്കുവാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ്. അവശേഷിക്കുന്ന ജോലികൾ ഏറ്റവും നല്ല നിലയിൽ ഏറ്റെടുത്തു നടപ്പിലാക്കുക എന്നതുമാണ്. ഗൃഹസന്ദർശനം, സാധുകൾക്ക് ഭക്ഷണം നല്കൽ, അവർക്ക് ഇസ്ലാമിനെകുറിച്ച് പറഞ്ഞു കൊടുക്കൽ, നിങ്ങളുടെ അറിവ് പങ്കുവെയ്ക്കൽ, പരിഭാഷാ ജോലികളിൽ സഹായിക്കൽ, ഭാഷാ പഠനത്തിൽ സഹായിക്കൽ, ഇവയെല്ലാം ഒരു നല്ല ആത്മീയ പ്രവർത്തകയുടെ കാര്യനിർവ്വഹണ മാർഗങ്ങളാണ്. ധൈര്യവും തഖ്‌വയും നിങ്ങളുടെ ആയുധങ്ങളായിരിക്കട്ടെ. ഒരു സ്ത്രീക്ക് അവരുടെ ജീവിതത്തിൽ, അല്ലാഹുവിന്റെ പ്രശംസകൾ ലഭിക്കാവുന്ന അനേകം മൂല്യവത്തായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. എന്നാൽ ഈ അനുഗൃഹീത ജോലികൾ നിർവ്വഹിക്കുവാൻ, അവൾക്ക് അവളുടെ ഭർത്താവിന്റെയും പിതാവിന്റെയും പ്രോത്സാഹനം ആവശ്യമാണ്. ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ച എല്ലാ സഹോദരിമാരുടെയും, കൂട്ടായ സഹായം ആവശ്യമാണ്. അവരുടെ ആത്മീയതയ്ക്ക് പുരോഗതി ഉണ്ടാകുന്നതിനായി, ഇസ്ലാമിലെ സ്ത്രീകളുടെ പ്രതിഛായകളായി പ്രതിബിംബങ്ങളായി നിങ്ങൾ സ്വയം മാറേണ്ടതുണ്ട്. ഇസ്ലാമിലെ സ്ത്രീകൾ അവരുടെ എല്ലാം തന്നെ ഇസ്ലാമിന് സമർപ്പി

ച്ചവരാണ്. അവർ അനേകം വഴികളിലൂടെ സ്വയം ത്യാഗത്തിന് സന്നദ്ധരായവരാണ്. അവർ സാമ്പത്തികമായി ഇസ്ലാമിക പദ്ധതികൾക്കും അതിന്റെ പുരോഗതിക്കും സംഭാവനകൾ നല്കിയവരാണ്, അവർ വിദ്യഭ്യാസമില്ലാത്ത സഹോദരിമാർക്ക് വിദ്യാഭ്യാസം പകർന്നു നല്കിയവരാണ്. അവർ അങ്ങനെ സ്വയം ഒരു ശക്തിയായി രൂപം കൊണ്ടു. പുരുഷന്മാരുപോലും അവരിലൂടെ പ്രചോദിതരായി തീർന്നിട്ടുണ്ട്. സ്ത്രീകൾ പല രീതിയിലും രക്തസാക്ഷ്യത്വം വഹിക്കേണ്ടി വന്നിട്ടുണ്ട്. മനോഹരമായ നിലയിൽ അവരുടെ ജോലികൾ പൂർത്തിയാക്കുന്നതുവരെ അവർ വിശ്രമിച്ചിട്ടില്ല. അവരുടെ കഴിവനുസരിച്ച് ഇസ്ലാമിനു വേണ്ടി നേരായ നിലയിൽ അവർ സേവനം ചെയ്തിട്ടുണ്ട്. അവർ മാതൃക വനിതകളായി തീരുകയും ചെയ്തിട്ടുണ്ട്! അതുപോലും നിങ്ങളും ആയിതീരുവാൻ കഠിനശ്രമം തുടരുക.

നിങ്ങളും മറ്റുള്ളവർക്ക് മാതൃകയായി തീരത്തക്ക നിലയിൽ തീവ്രശമം തുടരേണ്ടതാണ്. അവർ നിങ്ങളെ കാണുമ്പോൾ, അവർ നിങ്ങളിലൂടെ ഇസ്ലാം എന്തെന്ന് തിരിച്ചറിയണം. യഥാർത്ഥ ഇസ്ലാം അവർ മനസ്സിലാക്കണം. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം എന്തെന്ന് അവർ മനസ്സിലാക്കണം. ഞാൻ എന്റെ സന്ദേശം ആവർത്തിക്കുന്നതായി എനിക്ക് തോന്നുന്നു. എന്നാൽ ഇത് ഇന്നത്തെ കാലഘട്ടത്തിന് അനിവാര്യമാണ്. കാലം നമ്മോട് ആവശ്യപ്പെടുന്നത് ഇതാണ്. ഖലീഫത്തുല്ലാഹ് നമ്മോട് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ! നാം കാര്യങ്ങൾ ആവർത്തിച്ചു കൊണ്ടിരിക്കണം. അതിൽ നിന്ന് ഫലങ്ങൾ ഉണ്ടാകുന്നതുവരെ, അല്ലാഹു(ത) അവന്റെ വചനങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതുപോലെ, മാനവകുലത്തിന് കാര്യങ്ങൾ ബോധ്യമാകുന്നതിനു വേണ്ടി, അവന്റെ സന്ദേശങ്ങൾ ബോധ്യമായി, അതനുസരിച്ച് പ്രവർത്തിക്കുന്നതിനു വേണ്ടി!

ഇതിനായി നിങ്ങളുടെ സിലബ്സ് തയ്യാറാക്കുക.നിങ്ങളുടെ തന്നെ ആളുകൾക്ക്, സഹോദരിമാർക്ക് വിദ്യാഭ്യാസം നല്കുന്നതിനായി (2020ൽ ഇതിനായി നിങ്ങൾ എന്തു ചെയ്യുവാൻ തയ്യാറാടെക്കുന്നു എന്ന് ദയവായി അറിയിക്കുക) എന്നിട്ട് നിങ്ങൾ ഖലീഫത്തുല്ലാഹ്യ്ക്കും എനിയ്ക്കും അത് അയച്ചു തരിക. അതൊന്നു പരിശോധിച്ച് നോക്കുന്നതിനായി! ഇൻശാ അല്ലാഹ് ഖലീഫ്ത്തുല്ലാഹ്യുടെ അംഗീകാരത്തിന് വിധേയമായി മറ്റു മാർഗനിർദ്ദേശങ്ങൾ നിങ്ങൾക്ക് നല്കുന്നതാണ്. ഇൻശാ അല്ലാഹ്!

അല്ലാഹുവിന്റെ വഴിയിലെ നിങ്ങളുടെ ശ്രമങ്ങൾ അല്ലാഹു(ത) വിജയത്തിലെത്തിക്കട്ടെ! ആമീൻ !

**Wassalaam**
**Fazli A. Varsally**
*Hazrat Ummul Mumineen*
**Sadr Sahiba International**

**വസ്സലാം**
**ഫസ്ലി എ. വർസ്സാലി**
**ഹസ്രത് ഉമ്മുൽ മുഅ്മിനീൻ**
**സദ്ർ സാഹിബ ഇന്റർ നാഷണൽ**



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*